(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-6-2015 വരെ 11 കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് 11 ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 4 പേരെ ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയിട്ടുണ്ട്. ഇതിന് 4 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. മരണപ്പെട്ടവരുടെ പേരും ക്രൈം നമ്പരും ചുവടെ ചേർക്കുന്നു. മണൽ മാഫിയകളുടെ ആക്രമണങ്ങളിൽ ആരും കൊലചെയ്യപ്പെട്ടിട്ടില്ല.

ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയവർ

Police Station	Cr.No.&Sec	Name of Victim
Mannachery	95/15 u/s.143, 147, 148, 149, 324, 302 IPC	Venugopal
Pampady	986/13 u/s 302, 201, 120(B), 34 IPC	Lineesh
Angamaly	1397/11 u/s 143, 147, 148, 120(b), 109, 447, 302, 212, r/w 149 IPC & 27 of Arms Act (TR to CBCID)	Thomas
Palakkad Town South	2161/13 u/s 302, 118, 120(B) r/w 34 IPC	Prakasan

മാധ്യമപ്രവർത്തകരെ മർദ്ദിച്ച കേസ്

234 (3056) ശ്രീ. കെ. കെ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് 2015 ജൂൺ 30-ന് മാധ്യമപ്രവർത്തകരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയൊക്കെ പ്രതി ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേസ്സുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (തമ്പാനൂർ പി.എസ്. ക്രൈം 928/15 u/s. 143, 147, 149, 120 B, 323, 324 IPC).

പ്രതികൾ :

1. M.A. Latheef, DCC General Secretary, Thiruvananthapuram
2. Ansar Thottathil, DCC General Secretary, Thiruvananthapuram.
3. മറ്റ് കണ്ടാലറിയാവുന്ന 3 പേർ.

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

235 (3057) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം ഇതിനകം എത്രപേർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം തീയതി 24-2-2014 പ്രകാരം നിലവിൽവന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1000 രൂപ 'Token Provision' ആയി അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly